നം.ക്യൂ.ഐ.പി.2/876326/2023/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 13/01/2023
ഇ-മെയിൽ-supdtqip.dge@kerala.gov.in
ഫോൺ നം:0471-2580587

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - വിദ്യാകിരണം പദ്ധതി - ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലെ അധ്യാപകർക്ക് 'സഹിതം' മെന്ററിംഗ് പോർട്ടൽ ഉപയോഗിക്കുന്നതിന് പ്രത്യേക പരിശീലനം നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1) സ.ഉ(സാധാ) നമ്പർ.763/2020/പൊ.വി.വ തീയതി, 14/02/2020
2) സ.ഉ(സാധാ) നമ്പർ 1968/2018/പൊ.വി.വ തീയതി, 28/05/2018.
3) 23/06/2022 മുതൽ 25/06/2022 വരെ എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ നടന്ന ശില്പശാലയുടെ റിപ്പോർട്ട്.
4) എസ്.സി.ഇ.ആർ.ടി ഡയറക്ടറുടേയും കൈറ്റ് സി.ഇ.ഒ യുടേയും 12/01/2023 ലെ കൈറ്റ്/2023/1674 (2) നമ്പർ കത്ത്.

*****************

വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിൽ 'സഹിതം' (മെന്ററിംഗ് പോർട്ടൽ) പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യ ഘട്ടമായി ഒന്നും മുതൽ ഏഴ് വരെ ക്ലാസുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. അതിനായി പ്രൈമറി വിഭാഗം ക്ലാസുകളുള്ള സ്കൂളുകളിലെ പ്രഥമാധ്യാപകരുൾപ്പെടെയുള്ള അധ്യാപകർക്ക് ഒരു ദിവസത്തെ പ്രത്യേക പരിശീലനം നൽകുന്നതാണ്. പ്രസ്തുത പരിശീലനം ക്രമീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വിദ്യാലയങ്ങളിൽ 'സഹിതം' പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള ഏകദിന പരിശീലനം 2023 ജനുവരി 23 മുതൽ എസ്.സി.ഇ.ആർ.ടി, ഡയറ്റ്, കൈറ്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

2. 'സഹിതം' പദ്ധതി നടപ്പിലാക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ ജനുവരി 21 ന് ജില്ലാ തലത്തിൽ ക്രമീകരിക്കുന്ന പ്രത്യേക പരിശീലനത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഡയറ്റ് പ്രിൻസിപ്പാൾ, ഡയറ്റിലെ ഒരു ഫാക്കൽറ്റി, എസ്.എസ്.കെ.യിലെ ഡി.പി.സി, മിഷൻ കോ-ഓർഡിനേറ്റർ എന്നിവർ പങ്കെടുക്കേണ്ടതാണ്.

3. പ്രൈമറി ക്ലാസുകളുള്ള സ്കൂളുകളിലെ പ്രഥമാധ്യാപകർക്ക് ജനുവരി 23 മുതലും ടി സ്കൂളുകളിൽ നിന്ന് ഒരു അധ്യാപിക/അധ്യാപകന് ജനനുവരി 30 മുതലും ജില്ലകളിൽ പരിശീലനം ക്രമീകരിക്കേണ്ടതാണ്.പ്രസ്തുത പരിശീലനത്തിൽ അധ്യാപകർ കൃത്യമായി പങ്കെടുക്കേണ്ടതാണ്.

4. എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ മൊഡ്യൂൾ ഉപയേഗിച്ച് വിദ്യാഭ്യാസ ഉപജില്ലാ തലത്തിൽ 30 മുതൽ 40 വരെ അധ്യാപകരെ ഉൾപ്പെടുത്തി പരിശീലനം ക്രമീകരിക്കാവുന്നതാണ്. സമഗ്ര ശിക്ഷാ കേരളത്തിന്റെ റിസോഴ്സ് പേഴ്സൺമാരുടെ

സേവനവും ആവശ്യമെങ്കിൽ പ്രയോജനപ്പെടുത്താവുന്നതാണ്. പരിശീലനത്തിന് മുന്നോടിയായി എസ്.ആർ.ജി/ഡി.ആർ.ജി പരിശീലനങ്ങൾ എസ്.സി.ഇ.ആർ.ടി യും കൈറ്റും ചേർന്ന് ക്രമീകരിക്കേണ്ടതാണ്.

5. പരിശീലനം ലഭിച്ച പ്രഥമാധ്യാപകരുടേയും അധ്യാപിക/അധ്യാപകന്റേയും നേതൃത്വത്തിൽ ഫെബ്രുവരി 8 - നകം സ്കൂളിലെ മറ്റ് എല്ലാ അധ്യാപകർക്കും 'സഹിതം' ഉപയോഗിക്കുന്നത് സംബന്ധിച്ച ക്ലാസ് നൽകേണ്ടതാണ്.

6. പരിശീലനം ലഭിക്കുന്ന മുറയ്ക്ക് മെന്ററിംഗ് പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതും 'സഹിതം' പോർട്ടലിൽ വിശദാംശങ്ങൾ ഫെബ്രുവരി 20 മുതൽ ഉൾപ്പെടുത്തേണ്ടതാണ്.

7. ജില്ലാതലത്തിൽ 'സഹിതം' പദ്ധതി നടപ്പിലാക്കുന്നതിനുള്ള അക്കാദമിക പിന്തുണ ഡയറ്റ് ഉറപ്പുവരുത്തേണ്ടതാണ്. ആവശ്യമെങ്കിൽ കൈറ്റിന്റെ സാങ്കേതിക പിന്തുണ ലഭ്യമാക്കേണ്ടതാണ്.

8. പരിശീലനത്തിൽ പങ്കെടുക്കേണ്ട അധ്യാപകരുടെ വിശദാംശങ്ങൾ ഓൺലൈൻ സംവിധാനത്തിൽ (www.kite.kerala.gov.in – ലെ Training Management System-ൽ ലോഗിൻ ചെയ്ത്) ഉൾപ്പെടുത്തേണ്ടതാണ്.

9. പരിശീലനത്തിന്റെ ഗുണനിലവാരം, കാര്യക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിന് ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാർ, ഡയറ്റ് പ്രിൻസിപ്പൾ, കൈറ്റിന്റെ ജില്ലാ കോർഡിനേറ്റർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും വിദ്യാഭ്യാസ ഓഫീസർമാർ പരിശീലന കേന്ദ്രങ്ങൾ സന്ദർശിച്ച് ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

10. വിദ്യാഭ്യാസ ഓഫീസർമാരുടെ (ഉപജില്ലാ/വിദ്യാഭ്യാസ ജില്ല/റവന്യൂ ജില്ല) അവലോകന യോഗങ്ങളിൽ അജണ്ട ഇനമായി ഉൾപ്പെടുത്തി 'സഹിതം' പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യേണ്ടതും ആവശ്യമായ തുടർനടപടികൾ അതത് വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതുമാണ്.

11. വിദ്യാഭ്യാസ ഉപഡയറക്ടർമാർ 'സഹിതം' പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് യഥാസമയങ്ങളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

1. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി
2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
3. ഡയറക്ടർ, സമഗ്ര ശിക്ഷാ കേരളം
4. എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും

പകർപ്പ് :-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
2. എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും
3. സ്റ്റോക്ക് ഫയൽ